പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1193 11.7.2011 -ൽ മറുപടിയ്ക്ക്

## ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലെ ഫാം തൊഴിലാളി നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ജോലി ചെയ്തിരുന്ന ഫാം തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് 31.8.2010-ലെ സ.ഉ.(എം.എസ്സ്) നം.231/10/എ.ഡി ഉത്തരവിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | എ) 31.8.2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.231/2010/എ.ഡി പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ജോലി ചെയ്തിരുന്ന ഫാം തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനായി അംഗീകരിച്ചു നൽകിയിട്ടുള്ള ലിസ്റ്റിലെ 46 തൊഴിലാളികൾക്കും നിയമന ഉത്തരവ് നൽകിയിട്ടുള്ളതാണ്. |
| ബി) പ്രസ്തുത ഉത്തരവ് പ്രകാരം എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ; | ബി) 46 പേർക്ക് നിയമനം നൽകിയെങ്കിലും 37 പേർ മാത്രമേ സ്ഥിരം തസ്തികയിൽ ജോലിയിൽ പ്രവേശിച്ചുള്ളൂ. |
| സി) പ്രസ്തുത ഉത്തരവ് പ്രകാരം ഇനിയും ജോലിക്ക് ഹാജരാകാത്തവരുടെ തസ്തികകളിലേക്ക് സീനിയോറിറ്റി പ്രകാരം ഏറ്റവും അർഹതയുള്ളവർക്ക് നിയമനം നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ നിയമനം നടത്താത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ; | സി) 31.8.2010-ലെ ഉത്തരവ് പ്രകാരം ടി നിയമനം പ്രത്യേക കേസായി പരിഗണിച്ച് ഒറ്റത്തവണത്തേക്ക് മാത്രം എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. |

ഡി) ഇങ്ങനെ ഒഴിഞ്ഞു കിടക്കുന്ന തസ്തികയിലേക്ക് നിയമനം ലഭിക്കുവാൻ അർഹരായവരുടെ സീനിയോറിറ്റി അനുസരിച്ചുള്ള വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഡി) 31.8.2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 231/10/ഏ.ഡി പ്രകാരം സ്ഥിരം നിയമനം നൽകാൻ അർഹരായ 3 ദിവസ വേതനതൊഴിലാളികൾ കാഷ്വൽ തൊഴിലാളികളായി ജോലി ചെയ്തു വരുന്നു. അവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. വിനോജ് കുമാർ , പുളിമൂട്ടിൽ സനോജ് സദനം, തിട്ടമേൽ ചെങ്ങന്നൂർ.
2. പി.എസ്.സജേഷ്, ആലപ്പി സദനം, തിട്ടമേൽ, ചെങ്ങന്നൂർ.
3. സുരേഷ്, പുട്ടിമുഴത്തിൽ, തിട്ടമേൽ, ചെങ്ങന്നൂർ.

സെക്ഷൻ ഓഫീസർ